**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1154** **02-02-2026 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളുടെ പരിചരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളുടെയും പ്ലാന്റുകളുടെയും ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദ വിവരങ്ങൾ അറിയിക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ, കാലപ്പഴക്കം കൂടിയ പമ്പ് ഹൗസുകളുടെയും പ്ലാന്റുകളുടെയും വിവിധ ഘടകങ്ങളുടെ പുനരുദ്ധാരണം വിവിധ പദ്ധതികൾ വഴി നടപ്പിലാക്കി വരുന്നു .<br><br>സ്റ്റേറ്റ് പ്ലാൻ, അമൃത് പദ്ധതി (AMRUT 2.0), ജൽ ജീവൻ മിഷൻ (JJM), എ.ഡി.ബി, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ (Drought Relief Works) തുടങ്ങിയ വിവിധ പദ്ധതികളിലൂടെ നിലവിലുള്ള പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള പ്രവൃത്തികൾ ചെയ്തു വരുന്നു. പമ്പ് ഹൗസുകളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി 'എനർജി ഓഡിറ്റ്' നടത്തി കാര്യക്ഷമത കുറഞ്ഞ പമ്പുകൾ മാറ്റി പുതിയ എനർജി എഫിഷ്യന്റ് പമ്പുകൾ റീബിൾഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിയിൽ സ്ഥാപിച്ചിട്ടുണ്ട്. ജല ശുദ്ധീകരണശാലകളിലെ ശുദ്ധീകരിച്ച ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനായി പഴയതും കേടായതുമായ ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കാലഹരണപ്പെട്ട കെട്ടിടങ്ങളുടെ പുനരുദ്ധാരണവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ